**കേരള സർക്കാർ**

സംഗ്രഹം

സ്റ്റോർസ് പർച്ചേസ് വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീയുടെ കീഴിലുള്ള വിവിധ അപ്പാരൽ/ചെറുകിട യൂണിറ്റുകൾക്ക് മറ്റു സ്ഥാപനങ്ങളിൽ നിന്നും തയ്യൽ സംബന്ധമായ വർക്കുകൾ ടെൻഡർ നടപികൾ കൂടാതെ നേരിട്ട് ലഭ്യമാക്കുന്നതിന് സ്റ്റോർസ് പർച്ചേസ് വ്യവസ്ഥകളിൽ ഇളവ് വരുത്തി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സ്റ്റോർസ് പർച്ചേസ്(എ) വകുപ്പ്

സ.ഉ.(സാധാ)നം. 10/2020/എസ്.പി.ഡി. തീയതി, തിരുവനന്തപുരം, 10.04.2020

---

പരാമർശം: 1) സ.ഉ.(സാധാ) നം. 35/2019/എസ്.പി.ഡി. തീയതി 30.07.2019

2) കുടുബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.12.2019 ലെ 1152/ഡി/2016/കെ എസ് എച്ച്. ഒ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം വിവിധ സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വാശ്രയ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും തയ്യൽ സംബന്ധമായ് ജോലികൾ ടെണ്ടർ നടപടികൾ പാലിക്കാതെ നേരിട്ട് ലഭിക്കുന്നതിനായി സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 ൽഇളവ് വരുത്തി കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന 19 അപ്പാരൽ പാർക്കുകൾക്കും 1000 ഓളം ചെറുകിട തയ്യൽ യൂണിറ്റുകൾക്കും 04.02.2019 മുതൽ ഒരു വർഷത്തേക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കുടുംബശ്രീയുടെ തയ്യൽ യൂണിറ്റുകൾക്ക് മറ്റു സ്ഥാപനങ്ങളിൽനിന്നും തയ്യൽ സംബന്ധമായ ജോലികൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് ലഭ്യമാക്കുന്നതിന് സ്റ്റോർസ് പർച്ചേസ് വ്യവസ്ഥകളിൽ ഇളവ് വരുത്തി നൽകിയ പരാമർശം (1)ലെ സർക്കാർ ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) ലെ കത്തുപ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വിവിധ സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വാശ്രയ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന 19 അപ്പാരൽ പാർക്കുകൾക്കും 1000 ഓളം ചെറുകിട തയ്യൽ യൂണിറ്റുകൾക്കും തയ്യൽ സെംബന്ധമായ വർക്കുകൾ ടെൻഡർ നടപടികൾ പാലിക്കാതെ നേരിട്ട് ലഭിക്കുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 ൽഇളവ് വരുത്തി 03.02.2020 മുതൽ 30.06.2021 വരെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. എല്ലാ സർക്കാർ വകുപ്പുകൾക്കും അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവയ്ക്കും തയ്യൽ സംബന്ധമായ ജോലികൾ ടെണ്ടർ നടപടികൾ പാലിക്കാതെ നേരിട്ട് ലഭിക്കുന്നതിനായി ടി ഇളവ് ബാധകമായ കാലയളവിൽ കുടുംബശ്രീയുടെ കീഴിലുള്ള അപ്പാരൽ പാർക്കുകളേയും, ചെറുകിട യൂണിറ്റുകളേയും സമീപിക്കാവുന്നതാണ്. നിയതമായ പ്രവർത്തന രീതി പിന്തുടരുന്നതിനും ദുരുപയോഗ സാധ്യത കുറയ്ക്കുന്നതിനും യൂണിറ്റുകളുടെ വലിപ്പമനുസരിച്ച് ഓരോ യൂണിറ്റുകളും സ്വീകരിക്കാവുന്ന ഓർഡറുകളുടെ അളവും പ്രസ്തുത യൂണിറ്റുകൾ മുഖാന്തിരം നിർമ്മിക്കുന്ന വസ്തുങ്ങളുടെ നിരക്കുകളും കുടുംബശ്രീ മിഷൻ വ്യക്തമായി മുൻകൂട്ടി നിശ്ചയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതികുമാർ, സി,
ജോയിന്റ് സെക്രട്ടറി

പകർപ്പ്

എല്ലാ വകുപ്പ തലവൻമാർക്കും/ഓഫീസുകൾ/പൊതുമേഖലാ സ്ഥാനങ്ങൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സ്വാശ്രയ സ്ഥാപനങ്ങൾ മുതലായവയ്ക്ക്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ (എല്ലാ ബ്ലോക്ക് പഞ്ചായത്തുകളെയും അറിയിക്കുന്നതിന്)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ഗ്രാമ പഞ്ചായത്തുകളെയും അറിയിക്കുന്നതിന്)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം/എറണാകുളം/കോഴിക്കോട്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, ട്രിഡാ ബിൽഡിംഗ്, മെഡിക്കൽ കോളേജ്, തിരുവനന്തപുരം - 695 011
തദ്ദേശ സ്വയംഭരണ (ഐ എ) വകുപ്പ്
സി-ഡിറ്റ്, ചിറ്റാഴം, ലാവണ്യ, ബിൽഡിംഗ്സ്, എസ്.എം. എസ്.എം ഇൻസ്റ്റിറ്റ്യൂട്ടിന് പിറകുവശം, സ്റ്റാച്യു, തിരുവനന്തപുരം (സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ് സൈറ്റിൽ ചേർക്കുന്നതിന്)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് തിരുവനന്തപുരം (സർക്കാർ ഉത്തരവ് സർക്കാർ വെബ് സൈറ്റിൽ ചേർക്കുന്നതിന്.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.
സ്റ്റോർസ് പർച്ചേസ് (ഐ.ഡബ്ളിയു- I & ഐ.ഡബ്ളിയു-II) വകുപ്പുകൾക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.